(സി) ചില രാഷ്ട്രീയ നേതാക്കൾക്ക് ക്രമക്കേടുകളുമായി ബന്ധമുണ്ടെന്നു പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ കേസ് അന്വേഷണം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അന്വേഷണം നടക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) രാഷ്ട്രീയ നേതാക്കൾക്ക് റബ്കോയിൽ ഏതെങ്കിലും ക്രമക്കേടുകളുമായി ബന്ധമുണ്ടെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടില്ല.

"കോട്ടുപ്പടം സൈനബായുടെ കൊലപാതകത്തെക്കുറിച്ചന്വേഷണം"

75 [3462] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട്ട് താലൂക്കിലെ കോട്ടുപ്പടം പഞ്ചായത്തിലെ കൊടുവാളിപ്പുറം പ്രദേശത്ത് ഓത്തുപള്ളിക്കൽ സൈനബയുടെ കൊലപാതകം സംബന്ധിച്ച് അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രതികളെ ആരെയെല്ലാം അറസ്റ്റു ചെയ്തിട്ടുണ്ട്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) അന്വേഷണം ഊർജ്ജിതമാക്കി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീമതി സൈനബയുടെ കൊലപാതകം സംബന്ധിച്ച് മണ്ണാർക്കാട്ട് പോലീസ് സ്റ്റേഷൻ ക്രൈം 361/2003/യു/സി അസ്വാഭാവിക മരണമായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും അന്വേഷണത്തിൽ ടി സംഭവം കൊലപാതകമാണെന്ന് വെളിവാക്കുകയും സെക്ഷൻ 302 ഐ. പി. സി. ആയി മാറ്റി കേസ്സ് ഊർജ്ജിതമായി അന്വേഷണം നടത്തി വരികയാണ്.

(ബി & സി) പ്രതികളെക്കുറിച്ച് നാളിതുവരെയുള്ള അന്വേഷണത്തിൽ യാതൊരുവിധ സൂചനയും ലഭിച്ചിട്ടില്ല. അതിനാൽ പ്രതികളെ അറസ്റ്റുചെയ്യാൻ സാധിച്ചിട്ടില്ലാത്തതാണ്.

(ഡി) മണ്ണാർക്കാട്ട് പോലീസ് സ്റ്റേഷൻ ക്രൈം 361/2003/യു/സി അസ്വാഭാവിക മരണമായി രജിസ്റ്റർ ചെയ്തിരുന്ന കേസ്സ് പിന്നീട് സെക്ഷൻ 302 ഐ. പി. സി. ആയി മാറ്റി കേസിന്റെ അന്വേഷണം മണ്ണാർക്കാട്ട് സർക്കിൾ ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം തുടർന്ന് നടത്തിവരുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly